പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4336 | 24.10.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, ആർ. രാമചന്ദ്രൻ<br>,, കെ. രാജൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഭിന്നലിംഗ വിഭാഗത്തെ സംബന്ധിച്ച നയം വിശദമാക്കാമോ; | (എ) ഉണ്ട്. 22.09.2015 ലെ സ.ഉ.(എം.എസ്) നം. 61/2015/സാനീവ പ്രകാരം ട്രാൻസ്ജെന്റർ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്ന ലിംഗനയം സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഭിന്നലിംഗക്കാർക്ക് സമൂഹത്തിൽ നിന്ന് നേരിടുന്ന അവഗണന പരിഹരിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) ഭിന്നലിംഗക്കാർക്ക് സമൂഹത്തിൽ നിന്ന് നേരിടുന്ന അവഗണന പരിഹരിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി ആദ്യപടിയെന്ന നിലയിൽ ഭിന്നലിംഗക്കാരായ കുട്ടികളെ കണ്ടെത്തി അവരുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെയും ഹെൽപ്പ് ഡെസ്ക് ടീച്ചർമാർക്ക് ഒരു ബോധവൽക്കരണ പരിപാടി നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷാഫാറങ്ങളിൽ ഭിന്നലിംഗത്തിൽ ഉൾപ്പെടുന്നു എന്ന് രേഖപ്പെടുത്താൻ കഴിയുന്ന തരത്തിൽ അപേക്ഷാഫാറങ്ങൾ പരിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്